പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2225 | 11.06.2018 ൽ മറുപടിയ്ക്ക് |
|---|---|

**ഐ. സി. ഡി. എസ്. പദ്ധതിക്കുള്ള കേന്ദ്ര വിഹിതം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസസ് (ഐ.സി.ഡി.എസ്.) പദ്ധതിക്കുള്ള കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസസ് (ഐ സി. ഡി. എസ്.) കീഴിലെ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയിൽ ജീവനക്കാരുടെ ശമ്പള ഇനത്തിൽ കേന്ദ്ര വിഹിതം കുറച്ചതായി അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള ഇനത്തിൽ കേന്ദ്ര വിഹിതം 60% ആയിരുന്നത് 01.12.2017 തീയതി പ്രാബല്യത്തിൽ 25% ആയി കുറവ് വരുത്തിയിട്ടുണ്ട്. ഇതു കൂടാതെ മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ പൂർണ്ണമായും കേന്ദ്ര സ്റ്റാഫ് പാറ്റേണിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇപ്രകാരം പുനഃക്രമീകരിക്കുമ്പോൾ ആകെ 2775 ജീവനക്കാരിൽ കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം പുതുക്കി നിശ്ചയിച്ച 1904 ജീവനക്കാരുടെ വേതനത്തിൽ മാത്രമേ 25% കേന്ദ്ര സർക്കാർ ധനസഹായം ലഭ്യമാക്കുകയുള്ളൂ. ശേഷമുള്ള 871 മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ വേതനത്തിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുകയില്ല. |
| (ബി) പദ്ധതി വിഹിതം വെട്ടിക്കുറക്കുന്നത് വഴി സംസ്ഥാന സർക്കാരിനുണ്ടാകുന്ന അധിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. ഇതു മൂലം സംസ്ഥാന സർക്കാരിന് 1904 ജീവനക്കാരുടെ വേതനത്തിൽ 35%വും 871 ജീവനക്കാരുടെ വേതനത്തിൽ 60%വും അധിക ബാധ്യതയായി 01.12.2017 തീയതി മുതൽ പ്രാബല്യത്തിൽ വഹിക്കേണ്ടതായി വരുന്നതാണ്. ഇപ്രകാരം 2018-19 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന് ആകെ |

7112.46 ലക്ഷം രൂപ അധിക ബാധ്യതയായി വഹിക്കേണ്ടി വരുന്നതാണ്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

2018-19 സാമ്പത്തിക വർഷം ശമ്പള ഇനത്തിൽ സംസ്ഥാന സർക്കാരിന് വഹിക്കേണ്ടിവരുന്ന അധിക ചെലവ്

2018-19 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം പുതുക്കി നിശ്ചയിച്ച 1904 ജീവനക്കാരുടെ വേതനത്തിന്റെ ആകെ ചെലവ് 12328.9 ലക്ഷം

2018-19 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം ഒഴിവാക്കപ്പെട്ട 871 ജീവനക്കാരുടെ വേതനത്തിന്റെ ആകെ ചെലവ് 4662.24 ലക്ഷം

2018-19 സാമ്പത്തിക വർഷം 2775 സ്ഥിരം ജീവനക്കാരുടെ ശമ്പള ഇനത്തിൽ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 16991.14 ലക്ഷം

## അധിക ബാധ്യത ചെലവ് 2018-19

2018-19 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം പുതുക്കി നിശ്ചയിച്ച 1904 ജീവനക്കാരുടെ വേതനത്തിന്റെ ആകെ ചെലവിന്റെ 35% 4315.12 ലക്ഷം

2018-19 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം ഒഴിവാക്കപ്പെട്ട 871 ജീവനക്കാരുടെ വേതനത്തിന്റെ ആകെ ചെലവിന്റെ 60% 2797.34 ലക്ഷം

2018-19 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ശമ്പള ഇനത്തിൽ വഹിക്കേണ്ട ആകെ അധിക ബാധ്യത 7112.46 ലക്ഷം

| | |
|---|---|
| (ഡി) ഈ സർക്കാർ അധികാരത്തിലേറിയതിന് ശേഷം അംഗൻവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും പുതുക്കി നിശ്ചയിച്ച വേതനം എത്ര വീതമാണ്; ഇത് വഴി സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത എത്രയാണ്; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) അങ്കണവാടി ജീവനക്കാർക്ക് ഹോണറേറിയമായി വർക്കർമാർക്ക് പ്രതിമാസം 10,000/- രൂപയും ഹെൽപ്പർമാർക്ക് 7000/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. ആയത് പ്രകാരം അങ്കണവാടി വർക്കർമാരുടെ ഹോണറേറിയത്തിൽ 4400/- രൂപയുടെയും, അങ്കണവാടി ഹെൽപ്പർമാരുടെയും ഹോണറേറിയത്തിൽ 2900/- രൂപയുടെയും വർദ്ധനവ് പ്രതിമാസം വന്നിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ ആകെ 33115 അങ്കണവാടി വർക്കർമാർക്കും 32986 അങ്കണവാടി ഹെൽപ്പർമാർക്കും ഹോണറേറിയം ഇനത്തിൽ ആകെ 289.64 കോടി സംസ്ഥാന സർക്കാരിന് അധിക ബാധ്യതയായി വരുന്നതാണ്. അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനത്തിൽ ചില പ്രാദേശിക സർക്കാരുകൾ 01.04.2017 മുതൽ കുടിശ്ശിക വരുത്തിയ തുക അതാത് പ്രാദേശിക സർക്കാരുകൾ. മൂന്നാം ഗഡുവായി അനുവദിച്ച വികസന ഫണ്ടിൽ നിന്നും കിഴിവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ 27.02.2018 ൽ ധനകാര്യ വകുപ്പ് ഉത്തരവായിട്ടുണ്ട്. 01.04.2018 മുതൽ വനിതാ ശിശു വികസന വകുപ്പ് തന്നെ വർദ്ധിപ്പിച്ച മുഴുവൻ തുകയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ